**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2196** **16-03-2022 - ൽ മറുപടിയ്ക്ക്**

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ,ഗ്രേഡ് 1 തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; കരട് സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; അടിയന്തരമായി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ; | (എ) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ ജീവനക്കാരുടെ 01/11/2007 മുതൽ 31/12/2012 വരെ കാലയളവിലെ സീനിയോറിറ്റി പട്ടികയുടെ കരട് 08/11/2021 – ലെ ഇ.എസ്1-1431/2018/ആ.വ.ഡ. പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരെ ടി സീനിയോറിറ്റി പട്ടികയുടെ കാലയളവിൽ absorb ചെയ്യാത്തതിനാൽ ടി ജീവനക്കാരെ കരട് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇതിന് എതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ(ഇ.കെ.എം)220/2022 ഫയൽ ചെയ്യുകയും നിലവിലെ നിയമങ്ങൾ അനുസരിച്ച് പരാതിക്കാരെ നേരിട്ട് കേട്ട് അനുയോജ്യമായ നടപടി സ്വീകരിക്കാൻ 9/2/2022-ലെ വിധിന്യായത്തിൽ 2-ാം എതിർ കക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് ജൂനിയർ ഹെൽത്ത് ഇൻസെക്ടർ ഗ്രേഡ്- Ⅱ തസ്തികയിലെ അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I ന്റെ 31/10/2021 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്നതിന്റെ ഭാഗമായി ജില്ലകളിൽ നിന്നും പ്രസ്തുത തസ്തികയിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I ന്റെ കരട് സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്നതും മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതുമാണ്. |
| (ബി) | ആർദ്രം പദ്ധതിയിൽ സംസ്ഥാനത്ത് എത്ര ജൂനിയർ | (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ ആശുപത്രികളിലും ആവശ്യത്തിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിനു നടപടി സ്വീകരിക്കുമോ; | | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചിരുന്നു. ആർദ്രം പദ്ധതി നടത്തിപ്പിന് അനിവാര്യമായ തസ്തികകൾ മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ. |
| (സി) | നിലവിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ ഇല്ലാത്ത എല്ലാ ആശുപത്രികളിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിച്ച് ജനങ്ങൾക്ക് സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചിരുന്നു. ആർദ്രം പദ്ധതി നടത്തിപ്പിന് അനിവാര്യമായ തസ്തികകൾ മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ